**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1133** **18-01-2021 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ മുറികല്ല് ബൈപാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മൂവാറ്റുപുഴ മുറികല്ല് ബൈപാസ്സിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | മുറിക്കല്ല് ബൈപ്പാസിന്റെ നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയുടെ ഭരണാനുമതി 10/08/2018 -ൽ നൽകിയിരുന്നു. ടി പ്രവൃത്തി കിഫ്ബി പ്രവൃത്തികളുടെ SPV ആയ KRFB മുഖേന നടപ്പിലാക്കാൻ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 58/2020/PWD dated 14/01/2020 പ്രകാരം തീരുമാനിച്ചു. കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് 64.97 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് കിഫ്ബിയുടെ കീഴിൽ സൂക്ഷ്മ പരിശോധന നടത്തികൊണ്ടിരിക്കുകയും ആണ്. TAR & NCR - പൊതുമരാമത്ത് വകുപ്പിൽ നിന്നും 28/10/2020 -ൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് നൽകിയ ആശയങ്ങളിൽ കൂടുതൽ വിശദീകരണം കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള മറുപടി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത ബൈപാസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രധാന വർക്കായ മുറിക്കല്ല് പാലം നിലവിൽ പൂർത്തിയായതാണ് (12.5 കോടി രൂപ). എന്നാൽ അപ്രോച്ച് റോഡിന്റെ അപര്യാപ്തത മൂലം ഈ പാലത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പാലത്തിന്റെ ഇരുവശത്തും അപ്രോച്ച് റോഡ് നിർമ്മാണം കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ